**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1176** **04-07-2022 - ൽ മറുപടിയ്ക്ക്**

**വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ പ്രവൃത്തികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ വ്യക്തമാക്കുന്ന DLP (ഡിഫക്ട് ലയബിലിറ്റി പീരീയഡ്) ബോർഡ് പൊതുമരാമത്ത് റോഡുകളിലും പാലങ്ങളിലും കെട്ടിടങ്ങളിലും സ്ഥാപിക്കുന്നുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് പ്രവൃത്തി കഴിഞ്ഞതിനു ശേഷം കരാറുകാരൻ പ്രസ്തുത ആസ്തി പരിപാലിക്കേണ്ടുന്ന തീയതി മനസ്സിലാക്കി ടി ആസ്തിയിലെ പരാതി പരിഹാരത്തിനായി കരാറുകാരനെയും അസിസ്റ്റന്റ് എഞ്ചിനീയറെയും നേരിട്ട് ബന്ധപ്പെടുന്നതിന് സാധിക്കുന്നു.<br><br>പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ പൊതുജനങ്ങൾക്ക് ചൂണ്ടിക്കാട്ടാൻ കഴിയും വിധം ജനകീയ ഇടപെടലുകൾക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ, **PWD4U APP** എന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് പരാതികൾ ഫോട്ടോ സഹിതം വകുപ്പിന് അയയ്ക്കുന്നതിന് സാധിക്കുന്നു. പരാതിക്ക് പരിഹാരം കണ്ട ശേഷം പരാതിക്കാരനെ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുകയും ചെയ്യുന്നു.<br><br>ജനങ്ങൾ 'കാഴ്ചക്കാരല്ല-കാവൽക്കാരാണ്' എന്ന സന്ദേശത്തിലൂടെ പ്രവൃത്തികളുടെ അവലോകനത്തിനും മാനേജ്മെന്റിനും ആയുള്ള ഓൺലൈൻ സോഫ്റ്റ് വെയർ, **"തൊട്ടറിയാം PWD"** യിലൂടെ വകുപ്പിന്റെ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ഇനി മുതൽ എല്ലാ പൊതുജനങ്ങൾക്കും നേരിട്ടറിയാം. പദ്ധതി ആരംഭിച്ചാൽ അത് പൂർത്തിയാകുന്നത് വരെ പദ്ധതിയുടെ ഓരോ ഘട്ടത്തിലുള്ള പുരോഗതിയും അറിയാനാകുന്ന സംവിധാനമാണ് ഇത്. |

| | | | |
|---|---|---|---|
| | | | ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ **"റിംഗ് റോഡ്"** ഫോൺ ഇൻ പ്രോഗ്രാം, പ്രവൃത്തികളെക്കുറിച്ച് ബഹു. വകുപ്പ് മന്ത്രിക്ക് പരാതി പരിഹാരം കാണുവാനുള്ള സൗകര്യം, മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് ടീം, സോഷ്യൽ ഓഡിറ്റിംഗ് എന്നിവ നിലവിലുണ്ട്.<br><br>ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും റോഡ് നിർമ്മാണത്തിലേയും അറ്റകുറ്റപ്പണിയിലേയും അഴിമതി തടയുന്നതിനുമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാല സംബന്ധമായി റോഡുകളുടെ പരിപാലനത്തിനായി State Level Task Force-ഉം രൂപീകരിച്ചിട്ടുണ്ട്.<br><br>കെട്ടിട വിഭാഗത്തിനു കീഴിൽ പൊതുമരാമത്ത് റസ്റ്റ്ഹൗസുകൾ പൊതുജനങ്ങൾക്ക് കൂടി ഓൺലൈൻ മുഖേന ബുക്ക് ചെയ്യാവുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. റസ്റ്റ്ഹൗസുമായി ബന്ധപ്പെട്ട് പരാതികൾ പരിഹരിക്കുന്നതിന് സെൻട്രൽ കൺട്രോൾ റൂം രൂപവൽക്കരിക്കുകയുണ്ടായി. കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ കോമ്പോസിറ്റ് ടെണ്ടർ രീതിയിൽ ആക്കിയിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ പൊതുജനങ്ങൾക്ക് ചൂണ്ടിക്കാട്ടാൻ കഴിയും വിധം ജനകീയ ഇടപെടലുകൾക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ പ്രവൃത്തികളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ വ്യക്തമാക്കുന്ന DLP (ഡിഫക്റ്റ് ലയബിലിറ്റി പീരീയഡ്) ബോർഡ് പൊതുമരാമത്ത് റോഡുകളിലും പാലങ്ങളിലും കെട്ടിടങ്ങളിലും സ്ഥാപിക്കുന്നുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് പ്രവൃത്തി കഴിഞ്ഞതിനു ശേഷം കരാറുകാരൻ പ്രസ്തുത ആസ്തി പരിപാലിക്കേണ്ടുന്ന തീയതി മനസ്സിലാക്കി ടി ആസ്തിയിലെ പരാതി പരിഹാരത്തിനായി കരാറുകാരനെയും അസിസ്റ്റന്റ് എഞ്ചിനീയറെയും നേരിട്ട് ബന്ധപ്പെടുന്നതിന് സാധിക്കുന്നു.<br><br>പൊതുമരാമത്ത് പ്രവൃത്തികളിലെ അപാകതകൾ പൊതുജനങ്ങൾക്ക് ചൂണ്ടിക്കാട്ടാൻ കഴിയും വിധം ജനകീയ ഇടപെടലുകൾക്ക് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ, **PWD4U APP** എന്ന മൊബൈൽ ഫോൺ ആപ്ലിക്കേഷൻ ഉപയോഗിച്ച് പൊതുജനങ്ങൾക്ക് പരാതികൾ ഫോട്ടോ സഹിതം വകുപ്പിന് അയയ്ക്കുന്നതിന് സാധിക്കുന്നു. പരാതിക്ക് പരിഹാരം കണ്ട ശേഷം പരാതിക്കാരനെ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ജനങ്ങൾ 'കാഴ്ചക്കാരല്ല-കാവൽക്കാരാണ്' എന്ന സന്ദേശത്തിലൂടെ പ്രവൃത്തികളുടെ അവലോകനത്തിനും മാനേജ്മെന്റിനും ആയുള്ള ഓൺലൈൻ സോഫ്റ്റ് വെയർ, **"തൊട്ടറിയാം PWD"** യിലൂടെ വകുപ്പിന്റെ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ഇനി മുതൽ എല്ലാ പൊതുജനങ്ങൾക്കും നേരിട്ടറിയാം. പദ്ധതി ആരംഭിച്ചാൽ അത് പൂർത്തിയാകുന്നത് വരെ പദ്ധതിയുടെ ഓരോ ഘട്ടത്തിലുള്ള പുരോഗതിയും അറിയാനാകുന്ന സംവിധാനമാണ് ഇത്.<br><br>ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ **"റിംഗ് റോഡ്"** ഫോൺ ഇൻ പ്രോഗ്രാം, പ്രവൃത്തികളെക്കുറിച്ച് ബഹു. വകുപ്പ് മന്ത്രിക്ക് പരാതി പരിഹാരം കാണുവാനുള്ള സൗകര്യം, മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് ടീം, സോഷ്യൽ ഓഡിറ്റിംഗ് എന്നിവ നിലവിലുണ്ട്.<br><br>ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും റോഡ് നിർമ്മാണത്തിലേയും അറ്റകുറ്റപ്പണിയിലേയും അഴിമതി തടയുന്നതിനുമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാല സംബന്ധമായി റോഡുകളുടെ പരിപാലനത്തിനായി State Level Task Force-ഉം രൂപീകരിച്ചിട്ടുണ്ട്.<br><br>കെട്ടിട വിഭാഗത്തിനു കീഴിൽ പൊതുമരാമത്ത് റസ്റ്റ്ഹൗസുകൾ പൊതുജനങ്ങൾക്ക് കൂടി ഓൺലൈൻ മുഖേന ബുക്ക് ചെയ്യാവുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. റസ്റ്റ്ഹൗസുമായി ബന്ധപ്പെട്ട് പരാതികൾ പരിഹരിക്കുന്നതിന് സെൻട്രൽ കൺട്രോൾ റൂം രൂപവൽക്കരിക്കുകയുണ്ടായി. കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ കോമ്പോസിറ്റ് ടെണ്ടർ രീതിയിൽ ആക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ